# കോവിഡ് – 19 മഹാമാരിയുടെ സാഹചര്യത്തിൽ ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

**കേരള സംസ്ഥാന**
**ബാലാവകാശ സംരക്ഷണ കമ്മീഷൻ**

ജൂലൈ 2021

# കോവിഡ് - 19 മഹാമാരിയുടെ സാഹചര്യത്തിൽ ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും സംബന്ധിച്ച റിപ്പോർട്ടും ശുപാർശകളും

ജൂലൈ 2021

| | | |
|---|---|---|
| കമ്മീഷൻ ചെയർപേഴ്സൺ | : | ശ്രീ. മനോജ്കുമാർ. കെ.വി |
| കമ്മീഷൻ അംഗങ്ങൾ | : | ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.<br>ശ്രീ. കെ. നസീർ<br>ശ്രീമതി. ബബിത. ബി.<br>ശ്രീ. റെനി ആന്റണി<br>ശ്രീമതി. ശ്യാമളാദേവി പി.പി.<br>ശ്രീ. സി. വിജയകുമാർ |
| സെക്രട്ടറി | : | ശ്രീമതി. അനിത ദാമോദരൻ |
| ചീഫ് എഡിറ്റർ | : | ശ്രീമതി. പി.വി. ഗീത<br>രജിസ്ട്രാർ |
| തയാറാക്കിയത് | : | ശ്രീ. ആൽഫ്രഡ് ജെ. ജോർജ്, സീനിയർ ടെക്നിക്കൽ ഓഫീസർ, ജെ.ജെ. സെൽ |
| | : | ശ്രീമതി. ജ്യോതി. കെ.ജി, കേസ് വർക്കർ, ജെ.ജെ. സെൽ |
| പ്രിന്റർ & പബ്ലിഷർ | : | രജിസ്ട്രാർ<br>കേരള സംസ്ഥാന ബാലാവകാശ<br>സംരക്ഷണ കമ്മീഷൻ |

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**
റ്റി.സി.14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ.,
തിരുവനന്തപുരം - 695034 ഫോൺ : 0471-2326603, ഫാക്സ്: 0471-2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in
വെബ്: www.kescpcr.kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

## ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1 |
| 2 | അവലോകന യോഗം റിപ്പോർട്ട് | 1-2 |
| 3 | കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ വിവരങ്ങൾ | 2-6 |
| 4 | ശുപാർശകൾ | 6-13 |

# കോവിഡ് – 19 മഹാമാരിയുടെ സാഹചര്യത്തിൽ ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും സംബന്ധിച്ച് നടത്തിയ അവലോകന യോഗം – റിപ്പോർട്ട്

1. 2015 –ലെ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ സുരക്ഷയും സംരക്ഷണവും നിരീക്ഷിക്കുന്നതിനുള്ള ചുമതല ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിച്ചുവരുന്ന കുട്ടികളുടെ സംരക്ഷണവും സുരക്ഷയും പ്രത്യേക പരിഗണന അർഹിക്കുന്നു. കോവിഡ് മൂന്നാം തരംഗം മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന അഭിപ്രായം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ശിശു സംരക്ഷണ അധികാരികളുടെ അവലോകന യോഗം 13–07–2021, ചൊവ്വാഴ്ച വെബിനാറായി സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലെ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുകയും, സ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുകയും, കോവിഡ് കാലത്തെ കുട്ടികളുടെ മാനസിക ഉല്ലാസത്തിനും, കുട്ടികൾക്ക് ആവശ്യമായ കൗൺസലിംഗ് അടക്കമുള്ള സൈക്കോളജിക്കൽ സപ്പോർട്ട് നൽകുന്നതുമായി ബന്ധപ്പെട്ടും, സ്ഥാപനത്തിൽ നിന്ന് വീടുകളിലേയ്ക്ക് അയച്ച കുട്ടികളുടെ നിരീക്ഷണം സംബന്ധിച്ച് വിലയിരുത്തുകയും, ഓൺലൈൻ വിദ്യാഭ്യാസം നടന്നുവരുന്നതിനാൽ അതുമായി ബന്ധപ്പെട്ട് സ്ഥാപന അധികാരികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്നതായിരുന്നു അവലോകന യോഗത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

2. രാവിലെ 10 മണി മുതൽ 1 മണി വരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം എന്നീ 7 ജില്ലകളും ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 5 മണിവരെ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെയും ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, മറ്റു അംഗങ്ങൾ, ജില്ലാ വനിതാ–ശിശുവികസന ഓഫീസർമാർ, സ്പെഷ്യൽ അഡോപ്ഷൻ ഏജൻസി അധികാരികൾ, സർക്കാർ ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർ എന്നിവരാണ് അവലോകന യോഗത്തിൽ പങ്കെടുത്തത്.

3. രാവിലെ 10 മണിക്ക് ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീ. സി. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച അവലോകന യോഗം ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ.വി. മനോജ്കുമാർ ഉദ്ഘാടനം ചെയ്തു. കോവിഡ് പ്രൊട്ടോകോൾ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ കുട്ടികൾ വളരെയധികം സംഘർഷങ്ങൾ അനുഭവിക്കുന്നവരാണെന്നും ആയതിനാൽ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം എന്നീവയെല്ലാം കൃത്യമായി നീരിക്ഷിക്കേണ്ടതും പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം സ്ഥാപനവാസത്തിൽ നിന്നും സ്വന്തം

വീടുകളിലേയ്ക്ക് തിരിച്ച് പോയ കുട്ടികളുടെ നിലവിലെ സാഹചര്യം പരിശോധിക്കണമെന്നും അതിനായി ശിശുസംരക്ഷണ അധികാരികൾ ഏകോപനപരമായി പ്രവർത്തിക്കേണ്ടതുണ്ട് എന്നും ഉദ്ഘാടന സന്ദേശത്തിൽ അദ്ദേഹം സൂചിപ്പിച്ചു. അവലോകനയോഗത്തിന്റെ ഉദ്ഘാടനത്തിനു ശേഷം ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗമായ ശ്രീ. കെ. നസീർ വിഷയം അവതരിപ്പിക്കുകയും, തുടർന്ന് കർത്തവ്യവാഹകരുടെ ചർച്ചയും നടക്കുകയുണ്ടായി. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗമായ ഫാ. ഫിലിപ്പ് പരക്കാട്ട് ചർച്ചയുടെ ക്രോഡീകരണവും നടത്തി. ബാലാവകാശ സംരക്ഷണ കമ്മീഷൻ രജിസ്ട്രാർ ശ്രീമതി. പി.വി. ഗീത പരിപാടിയിൽ സന്നിഹിതയായിരുന്നു. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗമായ ശ്രീ. റെനി ആന്റണി സ്വാഗതം ആശംസിച്ച യോഗത്തിന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ജുവനൈൽ ജസ്റ്റിസ് സെല്ലിന്റെ സീനിയർ ടെക്കിനിക്കൽ ഓഫീസർ ശ്രീ. ആൽഫ്രഡ്. ജെ. ജോർജ് നന്ദിയും രേഖപ്പെടുത്തി. 1 മണിയോടെ ആദ്യഘട്ട അവലോകനയോഗം അവസാനിച്ചു.


4. ഉച്ചയ്ക്ക് ശേഷം 2 മണിയ്ക്ക് തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ 7 ജില്ലകളുടെ അവലോകന യോഗം ആരംഭിച്ചു. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീമതി. പി.പി. ശ്യാമളാദേവി അദ്ധ്യക്ഷയായ യോഗത്തിന്റെ ഉദ്ഘാടനം ബഹു. ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ.വി. മനോജ്കുമാർ നിർവ്വഹിച്ചു. ഉദ്ഘാടത്തിനു ശേഷം ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗമായ ശ്രീമതി. ബി. ബബിത വിഷയം അവതരിപ്പിക്കുകയും തുടർന്ന് കർത്തവ്യവാഹകരുടെ ചർച്ചയും നടന്നു. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ഫാ. ഫിലിപ്പ് പരക്കാട്ട് ചർച്ചയുടെ ക്രോഡീകരണവും നടത്തി. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീ. സി. വിജയകുമാർ സ്വാഗതം ആശംസിച്ച യോഗത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ജുവനൈൽ ജസ്റ്റിസ് സെല്ലിലെ കേസ് വർക്കർ ശ്രീമതി. കെ.ജി. ജ്യോതി നന്ദിയും പറഞ്ഞു. 5 മണിയോടെ രണ്ടാംഘട്ട അവലോകന യോഗം അവസാനിച്ചു.

5. **<u>കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ വിവരങ്ങൾ</u>**


കേരളത്തിൽ നിലവിൽ 724 ശിശുസംരക്ഷണ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ 697 എണ്ണം സർക്കാരേതര ശിശുസംരക്ഷണ സ്ഥാപനങ്ങളും 27 എണ്ണം സർക്കാർ ശിശുസംരക്ഷണ സ്ഥാപനങ്ങളുമാണ്.




മേൽപറഞ്ഞ 724 സ്ഥാപനങ്ങളിൽ ജില്ലാടിസ്ഥാനത്തിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു.





കേരളത്തിൽ നിലവിൽ 17 ശിശുസംരക്ഷണ സ്ഥാപനങ്ങൾ സ്പെഷ്യൽ അഡോപ്കഷൻ ഏജൻസിയായി പ്രവർത്തിക്കുന്നു. അതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള സ്ഥാപനവിവരങ്ങൾ ചുവടെ ചേർക്കുന്നു.




കോവിഡ് – 19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിന്ന് കുട്ടികളെ അവരുടെ വീടുകളിലേയ്ക്ക് അയക്കുകയും മറ്റു കുട്ടികളെ സ്ഥാപനത്തിൽ തന്നെ താമസിപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ നിലവിൽ 393 സർക്കാരേതര ശിശുസംരക്ഷണ സ്ഥാപനങ്ങളും 27 സർക്കാർ ശിശുസംരക്ഷണ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.




നിലവിൽ 420 ശിശുസംരക്ഷണ സ്ഥാപനങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. അവയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.



നിലവിൽ 5609 കുട്ടികളാണ് കേരളത്തിലെ വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിലായി താമസിക്കുന്നത്. ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.




വിവിധ വകുപ്പുകൾ നൽകിയ കോവിഡ് മാനദണ്ഡ നിർദ്ദേശങ്ങൾ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ബാലാവകാശ സംരക്ഷണ കമ്മീഷൻ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ നിന്ന് റിപ്പോർട്ട് തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പ് നിഷ്കർഷിച്ച കോവിഡ് മാനദണ്ഡങ്ങൾ എല്ലാ ജില്ലകളിലും പാലിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു.

- കോവിഡ്-19 മഹാമാരിയുടെ കാലത്ത് ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് മാനസിക ഉല്ലാസത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

- കേരളത്തിലെ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾ കോവിഡ് രോഗബാധിതരായെങ്കിലും ശിശുസംരക്ഷണ സ്ഥാപനാധികാരികളുടെ കൃത്യമായ ശ്രദ്ധയും പരിചരണവും ജില്ലാ ശിശുസംരക്ഷണ യൂണി

റ്റിന്റെ സമയബന്ധിതമായ ഇടപെടലും മൂലം കുട്ടികൾക്ക് രോഗം വേഗത്തിൽ ഭേദമാകുന്നതിനും കൂടുതൽ കുട്ടികളിലേയ്ക്ക് രോഗവ്യാപനം ഉണ്ടാകാതിരിക്കുന്നതിനും സാധിച്ചു എന്നാണ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ നിന്നും ലഭിച്ച വിവരം.

- സ്ഥാപനവാസികളായ കുട്ടികൾ വ്യക്തിശുചിത്വം പാലിക്കുന്നുണ്ട് എന്ന് സ്ഥാപനാധികാരികൾ കൃത്യമായി ഉറപ്പുവരുത്താറുണ്ട്.

- സ്ഥാപനവാസികളായ കുട്ടികളുടെ ഇൻഡോർ ഗെയിംസിനുള്ള സൗകര്യം ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

- കോവിഡ് - 19 ബാധിച്ച് സ്ഥാപനവാസികളായ കുട്ടികൾ ആരും മരണപ്പെട്ടിട്ടില്ലാ എന്നാണ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിൽ നിന്നും ലഭ്യമായ വിവരം.

- ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിന്ന് വീടുകളിലേയ്ക്ക് മടങ്ങിപോയ കുട്ടികളുടെ ഫോളോഅപ്പ് കൃത്യമായും അതാത് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് നടത്തിവരുന്നു എന്നാണ് ലഭ്യമായ വിവരം.

**6.** കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നടത്തിയ കൂടിയാലോചന യോഗത്തിൽ വിവിധ കർത്തവ്യവാഹകർ ഉന്നയിച്ച വിഷയങ്ങളും, യോഗത്തിൽ ഉയർന്ന ചർച്ചകളുടെയും സംവാദങ്ങളുടെയും അടിസ്ഥാനത്തിൽ ഉരുതിരിഞ്ഞ **താഴെപ്പറയുന്ന ശുപാർശകൾ ഉചിതമായ നടപടികൾക്കായി സമർപ്പിക്കുന്നു.**

6.1 ഫോസ്റ്റർ കെയറിലുള്ള കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും കുട്ടികളെ വളർത്തുന്ന മാതാപിതാക്കൾക്ക് പിന്തുണ നൽകുന്നതിനും ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനുള്ള നടപടി വനിതാ-ശിശുവികസന വകുപ്പും നൽകേണ്ടതാണ്.

6.2 കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ കോവിഡ് പ്രൊട്ടോകോൾ പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റി സിറ്റിംഗ് നടത്തുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ (കമ്പ്യൂട്ടർ നെറ്റ്വർക്ക് സൗകര്യം) മെച്ചപ്പെടുത്തുന്നതിന് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് നടപടി കൈക്കൊള്ളേണ്ടതും, ഇതിനായുള്ള സാമ്പത്തിക സഹായം ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

6.3 ചൈൽഡ് വെൽഫെയർ കമ്മിറ്റി സിറ്റിംഗ് നടത്തുന്ന ശിശുസംരക്ഷണ സ്ഥാപന പരിസരത്ത് സ്ഥലപരിമിധി മൂലം ആളുകൾ തിങ്ങികൂടി നിൽക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാലും, പരാതി നൽകാൻ എത്തുന്ന ആളുകൾക്ക് കോവിഡ് മാനദണ്ഡം കൃത്യമായി പാലിക്കാൻ സാധിക്കാത്ത സാഹചര്യത്തിലും സ്ഥാപനവാസികളായ കുട്ടികൾക്ക് കോവിഡ് പടർന്നുപിടി

ക്കാൻ സാധ്യതയുണ്ട്. ആയതിനാൽ കോവിഡ് മാനദണ്ഡം ഉറപ്പുവരുത്തുന്നതിനും, കുട്ടികൾക്ക് കോവിഡ് പിടിപ്പെടാതിരിക്കുന്നതിന് കോവിഡ്-19 പ്രൊട്ടോകോൾ പ്രകാരമുള്ള മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തന്നതിനും, ശിശുസംരക്ഷണ സ്ഥാപന സൂപ്രണ്ടും ജില്ലാ ശിശുസംരക്ഷണ യൂണിറ്റും ഏകോപനപരമായി നടപടി സ്വീകരിക്കേണ്ടതും, ആയത് വനിതാശിശു വികസന വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകേണ്ടതുമാണ്.

6.4 സുപ്രീംകോടതി വിധിപ്രകാരം സുമോട്ടോ റിട്ട് പെറ്റീഷൻ നം. 4/2020 തീയതി: 3.4.2020, പ്രകാരം കോവിഡ് പശ്ചാത്തലത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിക്കുന്നത് കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാകണമെന്ന് പരാമർശിക്കുന്നു. ഇക്കാര്യം അതാത് ചൈൽഡ് വെൽഫെയർ കമ്മിറ്റി ഉറപ്പുവരുത്തേണ്ടതും ആയതിനുള്ള നിർദ്ദേശം വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ നൽകേണ്ടതുമാണ്.

6.5 സുപ്രീംകോടതി വിധിപ്രകാരം സുമോട്ടോ റിട്ട് പെറ്റീഷൻ നം. 4/2020 തീയതി: 3.4.2020, പ്രകാരം കോവിഡ് പശ്ചാത്തലത്തിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, പ്ലേസ് ഓഫ് സേഫ്റ്റി എന്നിവിടങ്ങളിൽ താമസിക്കുന്നത് കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാകണമെന്ന് പരാമർശിക്കുന്നു. ഇക്കാര്യം അതാത് ജുവനൈൽ ജസ്റ്റിസ് ബോർഡ്/കുട്ടികളുടെ കോടതി ഉറപ്പുവരുത്തേണ്ടതും ആയതിനുള്ള നിർദ്ദേശം വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ നൽകേണ്ടതുമാണ്.

6.6 സുപ്രീംകോടതി വിധിപ്രകാരം സുമോട്ടോ റിട്ട് പെറ്റീഷൻ നം. 4/2020 തീയതി: 3.4.2020, പ്രകാരം കോവിഡ് പശ്ചാത്തലത്തിൽ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്ന് പരാമർശിക്കുന്നു. ഇക്കാര്യം അതാത് ശിശുസംരക്ഷണ സ്ഥാപനാധികാരികൾ ഉറപ്പ് വരുത്തേണ്ടതും ആയതിനുള്ള നിർദ്ദേശം വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ നൽകേണ്ടതുമാണ്.

6.7 സുപ്രീംകോടതി വിധിപ്രകാരം സുമോട്ടോ റിട്ട് പെറ്റീഷൻ നം. 4/2020 തീയതി: 3.4.2020, പ്രകാരം കോവിഡ് പശ്ചാത്തലത്തിൽ ഫോസ്റ്റർ കെയറിലുള്ള കുട്ടികൾ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്ന് പരാമർശിക്കുന്നു. ആയതിനുള്ള നിർദ്ദേശം വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ നൽകേണ്ടതുമാണ്.

6.8 ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം സ്ഥാപനവാസം ആവശ്യമായ കുട്ടികൾക്ക് കോവിഡ് ടെസ്റ്റുകളായ ആർ.റ്റി.പി.സി.ആർ/ആന്റിജൻ ടെസ്റ്റ് എന്നിവ നടത്തുന്നതിന് സർക്കാർ ഹോസ്പിറ്റലുകളിൽ സൗകര്യം ഒരുക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതും, ഇതിനായുള്ള

നിർദ്ദേശം സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതുമാണ്.

6.9 ശിശുസംരക്ഷണ സ്ഥാപനവാസത്തിലുള്ള കുട്ടികൾക്ക് കോവിഡ് ബാധിച്ചാൽ ടി കുട്ടികളെ മാറ്റി താമസിപ്പിക്കുന്നതിനും, നിരീക്ഷണത്തിലാക്കുന്നതിനും ആവശ്യമായ ഒബ്സർവേഷൻ സെന്റർ സൗകര്യം ഉറപ്പാക്കുന്നതിന് സ്ഥാപനമേധാവി ശിശുസംരക്ഷണ യൂണിറ്റുമായി സഹകരിച്ച് നടപടി കൈക്കൊള്ളുന്നതിന് വനിതാ ശിശുവികസന വകുപ്പ് മുൻകൈ എടുക്കേണ്ടതാണ്.

6.10 സ്ഥാപനവാസികളായ കുട്ടികളുടെ മാനസിക ഉല്ലാസം ഉറപ്പുവരുത്തുന്നതിനും അവരുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള ധനസഹായം ശിശുസംരക്ഷണ സ്ഥാപനാധികാരികൾക്ക് നൽകുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് നടപടി കൈക്കൊള്ളേണ്ടതും, ഇക്കാര്യം വ്യക്തമാക്കുന്ന നിർദ്ദേശം വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ നൽകേണ്ടതാണ്.

6.11 സ്ഥാപനവാസത്തിൽ നിന്നും കുട്ടികളെ വീടുകളിലേയ്ക്ക് അയ്ക്കുമ്പോഴും സ്ഥാപനത്തിലേയ്ക്ക് തിരികെ എത്തുമ്പോഴും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരമായിരിക്കണം. ആയത് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതും, ഇക്കാര്യം ജില്ലാ ശിശുസംരക്ഷണ ഓഫീസർ നിരീക്ഷിക്കേണ്ടതുമാണ്. ആയതിനാൽ ബന്ധപ്പെട്ട അധികൃതർ കൃത്യമായ നിർദ്ദേശം നൽകുന്നത് ഉചിതമായിരിക്കും.

6.12 ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം കുട്ടിയെ സ്ഥാപനവാസത്തിനുള്ള പ്രവേശനം അനുവദിക്കുമ്പോൾ കുട്ടിയുടെ രേഖാമൂലമുള്ള വിലാസവും വിവരങ്ങളും, തിരികെ വീടുകളിലേയ്ക്ക് അയക്കുമ്പോൾ നൽകുന്ന വിലാസവും ഒന്നാണെന്ന് ഉറപ്പുവരുത്തേണ്ടതും, വ്യത്യസ്തമാണെങ്കിൽ ആയതിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി വ്യക്തത വരുത്തി ഉത്തരവ് നൽകേണ്ടതുമാണ്. ഇത് കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ നൽകേണ്ടതാണ്.

6.13 ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ എത്തുമ്പോൾ കുട്ടിയുടെ സോഷ്യൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് കൃത്യമായും, സമയബന്ധിതമായും സമർപ്പിക്കുന്നതിന് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന് കർശനനിർദ്ദേശം വനിതാ ശിശുവികസന വകുപ്പ് നൽകേണ്ടതാണ്.

6.14 കോവിഡ്-19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സ്ഥാപനത്തിന്റെ സമീപ പ്രദേശത്തുള്ള കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകുന്നതിന് 2203/11/LA2/2021/KeSCPCR നമ്പർ കേസിൽ കമ്മീഷൻ സമർപ്പിച്ച ഉത്തരവിന്റെ വെളിച്ചത്തിൽ സംസ്ഥാന

വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആയത് നിരീക്ഷിക്കേണ്ടതുമാണ്.

6.15 ഇതരസംസ്ഥാനങ്ങളിൽ/ജില്ലകളിൽ നിന്ന് കാണാതാവുന്ന കുട്ടികളെ കണ്ടുകിട്ടുകയും ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും ചെയ്യുന്ന പക്ഷം അവർക്ക് സ്ഥാപനവാസത്തിനായി തയ്യാറാക്കുന്ന സ്ഥാപനങ്ങളിൽ ക്വാറന്റെയിൻ സൗകര്യം ഒരുക്കുന്നതിനും ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് കൈക്കൊള്ളേണ്ടതാണ്. ഇതിന് ആവശ്യമായ നിർദ്ദേശം വനിതാ-ശിശു വികസന വകുപ്പ് നൽകേണ്ടതാണ്.

6.16 സ്ഥാപനവാസത്തിൽ നിന്നും വീടുകളിലേയ്ക്ക് അയച്ച ഇടുക്കി ജില്ലയിലെ തോട്ടംമേഖലകളിലുള്ള കുട്ടികളുടെ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ എന്നിവർ ചേർന്ന് സ്വീകരിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നിർദ്ദേശം വനിതാ-ശിശു വികസന വകുപ്പ് നൽകേണ്ടതാണ്.

6.17 പോക്സോ കേസുകളിൽ അതിജീവിതകളായതും ശിശുസംരക്ഷണ സ്ഥാപനത്തിൽ താമസിക്കുന്നതുമായ അന്യസംസ്ഥാനത്ത് നിന്നുള്ള പെൺകുട്ടികളിൽ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് അടക്കമുള്ള മാനസികരോഗ്യ ചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്ഥാപനാധികാരികൾ കൈക്കൊള്ളുന്നതിന് ആവശ്യമായ നിർദ്ദേശം വനിതാ -ശിശു വികസന വകുപ്പ് നൽകേണ്ടതാണ്.

6.18 പോക്സോ കേസുകളിൽ അതിജീവിതകളായതും വിവിധ ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്നതുമായ ഇതരസംസ്ഥാനത്ത് നിന്നുള്ള കുട്ടികളുടെ കേസ് മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന കമ്മീഷൻ ശുപാർശ ബഹു. കേരള ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേസുകൾ അന്തിമമായി ഒത്തുതീർന്നിട്ടുള്ളതും തീരുമാനം ആയിട്ടുള്ള സംഗതികളിൽപോലും കുട്ടികൾ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ തുടർന്നും താമസിക്കുന്നതായി മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ കേസ് തീർപ്പാക്കുന്നമുറയ്ക്ക് അവരുടെ പ്രദേശത്തെയ്ക്ക് തിരിച്ചയിക്കുന്നതിനുള്ള അടിയന്തിരമായ നടപടി സ്വീകരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

6.19 ഇതരസംസ്ഥാനത്ത് നിന്നുള്ള കുട്ടികളെ കണ്ടെത്തി പോലീസ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക് മുമ്പാകെ ഹാജരാക്കുമ്പോൾ കുട്ടികളുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ കൈമാറുന്നതിനോ, തുടർ അന്വേഷണവുമായി സഹകരിക്കുന്നതിനോ പോലീസ് തയാറാവുന്നില്ല എന്നകാര്യം യോഗത്തിൽ ഉയർന്നുവന്നിരിക്കയാൽ ഇക്കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.

6.20 സ്പെഷ്യൽ അഡോപ്ഷൻ ഏജൻസിയിലെ കുട്ടികൾക്ക് ആശുപത്രി പരിചരണം/ശസ്ത്രക്രീയ എന്നിവ ആവശ്യമായി വരുമ്പോൾ ധനസഹായം, ആശുപത്രി പരിചരണം എന്നിവ സൗജന്യമാക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

6.21 ജുവനൈൽ ജസ്റ്റിസ് ബോർഡിൽ നിന്ന് ശ്രദ്ധയും സംരക്ഷണവും ആവശ്യമായി പരിഗണിക്കാവുന്ന കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുമ്പോൾ (ആരോഗ്യ സ്ഥിതി, മാനസിക പ്രശ്നം തുടങ്ങിയവ) കുട്ടികൾക്ക് അനുയോജ്യമായതും കൃത്യമായും നിരീക്ഷിക്കുന്നതുമായ ശിശുസംരക്ഷണ സ്ഥാപനത്തിലേയ്ക്ക് അയക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിന് വനിതാ-ശിശു വികസന വകുപ്പ് നിർദ്ദേശിക്കേണ്ടതുണ്ട്.

6.22 മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾ, ലഹരിക്ക് അടിമപ്പെട്ട കുട്ടികൾ എന്നിവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് 'പ്ലേസ് ഓഫ് ഫസിലിറ്റി' എന്ന രീതിയിൽ കൂടുതൽ സൗകര്യങ്ങളുള്ള ഏതെങ്കിലും സ്ഥാപനത്തിലേയ്ക്ക് മാറ്റുന്നതിനും, അവർക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ലഭ്യമാകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വനിതാ-ശിശു വികസന വകുപ്പ് നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

6.23 ശിശുസംരക്ഷണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഗ്രാന്റ്/മറ്റു സാമ്പത്തിക സഹായം സമയബന്ധിതമായി ലഭ്യമാകുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

6.24 കുട്ടികളുടെ ഐഡന്റിറ്റി വെളിപ്പെടുത്തി പത്രമാധ്യമങ്ങളിലും സാമൂഹികമാധ്യമങ്ങളിലും ചിത്രങ്ങളും മറ്റുവിവരങ്ങളും പ്രസിദ്ധീകരിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ഇതിനെതിരെ കർശന നടപടി ഉണ്ടാകുന്നതിന് വകുപ്പുതല നിർദ്ദേശം നൽകേണ്ടതാണ്.

6.25 കോവിഡ്-19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ കുട്ടികളോടൊപ്പം ശിശുസംരക്ഷണ സ്ഥാപനത്തിൽ എത്തുന്നവർക്കും, മറ്റു സന്ദർശകർക്കും ഒരുപൊതുവായ മാർഗരേഖ വനിതാ-ശിശു വികസന വകുപ്പ് നൽകുന്നത് ഉചിതമായിരിക്കും. ഇതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ കുട്ടികളുടെ ഉറ്റവരും ഉടയവരുമായവർക്ക് 2016 -ലെ ബാലനീതി ചട്ടത്തിലെ 74-ാം വകുപ്പ് അനുശാസിക്കുന്ന സന്ദർശന അനുമതി കോവിഡ് പ്രൊട്ടോകോൾ പാലിച്ച് ഉറപ്പാക്കേണ്ടതാണ്.

6.26 മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ കുട്ടികളെ കടത്തികൊണ്ടുപോകുന്ന സാഹചര്യം നിലനിൽക്കുന്നതായും ഇത്തരം കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് ഒരു പ്രത്യേക പോലീസ് ഗ്രൂപ്പിനെ ശാക്തീകരിക്കുന്നതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

6.27 കോവിഡ് സാഹചര്യം നിലനിൽക്കുന്നതിനാൽ കുട്ടികൾ കൂടുതൽ സമയവും സ്ഥാപനത്തിനുള്ളിൽ ചിലവഴിക്കേണ്ടിവരുന്നു. ആയതിനാൽ അവരുടെ ശാരീരിക-മാനസിക ഉല്ലാസം ഉറപ്പുവരുത്തുന്നതിന് കായിക പ്രവർത്തനത്തോടൊപ്പം സർഗാത്മക പരിപാടികൾ സ്ഥാപനത്തലത്തിലും, ജില്ലാ-സംസ്ഥാനത്തലത്തിലും ഓൺലൈനായി സംഘടിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി കൈക്കൊള്ളേണ്ടതാണ്.

6.28 കോവിഡ് സാഹചര്യത്തിൽ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യ നിലവാരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും തദ്ദേശീയമായി പ്രവർത്തിക്കുന്ന പ്രാധമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ടീമിന്റെ സന്ദർശനം മാസത്തിലൊരിക്കൽ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. ഇതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതാണ്.

6.29 കോവിഡ് ബാധിച്ച കുട്ടികളുടെ കൃത്യമായ വിവരങ്ങൾ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും അത്തരം കുട്ടികൾക്ക് ഡോക്ടറുടെ നിരീക്ഷണം ഉറപ്പാക്കേണ്ടതും, ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രത്യേക ഭക്ഷണം അവർക്ക് നൽകേണ്ടതുമാണ്. സർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനാവശ്യമായ നടപടി വനിതാ ശിശുവികസന വകുപ്പ് ലഭ്യമാക്കേണ്ടതാണ്.

6.30 സംസ്ഥാന ആരോഗ്യവകുപ്പ് നിർദ്ദേശിച്ച കോവിഡ് മാനദണ്ഡങ്ങൾ എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളിലും പാലിക്കപ്പെടുന്നുവെന്ന് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഉറപ്പാക്കേണ്ടതിന് വനിതാ-ശിശു വികസന വകുപ്പിന് നിർദ്ദേശം നൽകേണ്ടതാണ്.

6.31 ശിശുസംരക്ഷണ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാർക്കും കുട്ടികളുടെ മനശാസ്ത്രം, ജീവിതനൈപുണികൾ, കൗമാര-ആരോഗ്യവിദ്യാഭ്യാസം തുടങ്ങിയമേഖലകളിൽ കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകേണ്ടതും എല്ലാ ജീവനക്കാരും ശിശുസൗഹാർദപരമായി കുട്ടികളോട് ഇടപഴകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും വനിതാ ശിശുവികസന വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

6.32 ശിശു സംരക്ഷണ സ്ഥാപന അധികാരികൾക്ക് വാക്സിൻ ഉറപ്പാക്കേണ്ടതും ആ കാര്യത്തിൽ മുൻഗണനന നൽകേണ്ടതുമാണ്. ശിശു സംരക്ഷണ സ്ഥാപനത്തിലെ കുട്ടികളെ പുറത്തേക്ക് കൊണ്ടുപോകുമ്പോൾ അവരെ അനുഗമിക്കുന്നവർ കോവിഡ് മുൻകരുതൽ നടപടികൾ പാലിക്കേണ്ടതും മാസ്ക്, സാനിറ്റൈസർ എന്നിവ കൃത്യമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ഇത്തരം ആവശ്യങ്ങൾക്കുള്ള നടപടി അടിയന്തിരമായി വനിതാ-ശിശു വികസന വകുപ്പ് കൈക്കൊള്ളണ്ടതാണ്.

6.33 കോവിഡ് സഹചര്യത്തിൽ ശിശുസംരക്ഷണ സ്ഥാപനവാസികളായ കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഓൺലൈനായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ആയതിന് വേണ്ട ഓൺലൈൻ

സംവിധാനങ്ങൾ (കമ്പ്യൂട്ടർ/മൊബൈൽ, ഇന്റർനെറ്റ് സൗകര്യം) ലഭ്യമാക്കുന്നതിനുമുള്ള നടപടി ശിശുസംരക്ഷണ സ്ഥാപന സൂപ്രണ്ടുമാർ ഉറപ്പുവരുത്തുകയും ആയതിനുള്ള നിർദ്ദേശം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് വനിതാ-ശിശു വികസന വകുപ്പ് നൽകേണ്ടതാണ്.

6.34 സ്ഥാപന വാസികളായ ഭിന്നശേഷി കുട്ടികൾക്ക് നൽകേണ്ടതായ തെറാപികൾ കൃത്യമായി നൽകുന്നു എന്നും കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നു എന്നും ഉറപ്പാക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത ഭിന്നശേഷി കുട്ടികൾക്ക് തെറാപ്പികളും തുടർചികിൽസയും ലഭിക്കുന്നു എന്ന് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതും, ബി.ആർ.സി മുഖേനയോ മറ്റോ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഉറപ്പാക്കേണ്ടതിനുള്ള നടപടി വനിതാ-ശിശു വികസന വകുപ്പ് നിർദ്ദേശമായി നൽകേണ്ടതാണ്.

6.35 കോവിഡ് സാഹചര്യത്തിൽ സ്ഥാപനങ്ങളിൽ നിന്നു വിടുതൽ ചെയ്ത് കുട്ടികളുടെ ഭവനത്തിൽപോയി വീണ്ടും സ്ഥാപനങ്ങളിലേയ്ക്കെത്തുന്ന കുട്ടികൾക്ക് നിരീക്ഷണവാസം (കോറന്റൈൻ) എല്ലാ സ്ഥാപനത്തിലും സജ്ജമാക്കുന്നതിനുള്ള ക്രമീകരണം സ്ഥാപന അധികാരികൾ ചെയ്യേണ്ടതും ആയത് കൃത്യമായി ഉറപ്പുവരുത്തുന്നതിനുള്ള ചുമതല ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് നൽകി വനിതാ-ശിശു വികസന വകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്.

6.36 പോലീസിന് ഏതെങ്കിലും സ്ഥാപന വാസികളായ കുട്ടികളെ അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്യേണ്ടി വന്നാൽ കോവിഡ് -പ്രോട്ടോക്കോൾ പാലിക്കപ്പെടുന്നു എന്ന് സ്ഥാപന അധികാരികൾ ഉറപ്പാക്കേണ്ടതാണ്.

6.37 സ്ഥാപന വാസികളായ കുട്ടികൾ കോവിഡ് ബാധിതരായാൽ അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കപെടുന്ന സാഹചര്യം ഉണ്ടായാൽ ടി കുട്ടികൾക്ക് പ്രത്യേക പരിരക്ഷയും പരിഗണനയും നൽകേണ്ടതാണ്. ആയതിന് ആവശ്യമായ നിർദ്ദേശം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് വനിതാ-ശിശു വികസന വകുപ്പ് നൽകേണ്ടതാണ്.

**മേൽ വിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ 2005 –ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ 15(1) വകുപ്പ് പ്രകാരം കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മേൽപ്പറഞ്ഞ ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു. കോവിഡ് മാനദണ്ഡപ്രകാരം കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ 6.1, 6.2, 6.3, 6.4, 6.5, 6.6, 6.7, 6.9, 6.10, 6.11, 6.12, 6.13, 6.15, 6.16, 6.17, 6.18, 6.20, 6.21, 6.22, 6.23, 6.24, 6.25, 6.27, 6.29, 6.30, 6.31, 6.32, 6.33, 6.34, 6.35, 6.36, 6.37 വനിതാ ശിശു വികസന വകുപ്പും 6.8, 6.28 എന്നീ ശുപാർശകളിൽ ആരോഗ്യവകുപ്പും 6.14 –ൽ വിദ്യാഭ്യാസ വകുപ്പും, 6.19, 6.26, 6.36 എന്നിവയിൽ ആഭ്യന്തര വകുപ്പും ഉടൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാലാവകാശ സംരക്ഷണ കമ്മീ**

ഷന്റെ ശുപാർശകളിന്മേൽ വനിതാ ശിശുവികസനം, വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012 -ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 60 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

ശ്രീ. മനോജ്കുമാർ. കെ.വി
ചെയർപേഴ്സൺ

ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.
(മെമ്പർ)

ശ്രീ. കെ. നസീർ
(മെമ്പർ)

ശ്രീമതി. ബബിത. ബി.
(മെമ്പർ)

ശ്രീ. റെന്നി ആന്റണി
(മെമ്പർ)

ശ്രീമതി. ശ്യാമളാദേവി പി.പി.
(മെമ്പർ)

ശ്രീ. സി. വിജയകുമാർ
(മെമ്പർ)